**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1443** **30-08-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ അന്യാധീനപ്പെട്ട റവന്യൂ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അന്യാധീനപ്പെട്ട റവന്യൂ ഭൂമി എത്രയെന്നും അവ സർക്കാർ അധീനതയിൽ എത്തിച്ച് സർക്കാരിലേക്ക് മുതൽക്കൂട്ടാൻ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്ത് അന്യാധീനപ്പെട്ട 348.6892 ഹെക്ടർ ഭൂമിയുണ്ട്. സർക്കാർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമം 1957 ഉം 1958 ലെ അനുബന്ധ ചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10.09.2018 ലെ സർക്കാർ ഉത്തരവ് (സാധാ)3778/2018/റവ പ്രകാരം ജില്ലാ തലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നത് ത്വരിത ഗതിയിലാക്കുന്നതിലേക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം തടയുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 08.11.2008 നു ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009 ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമപ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരള ഭൂസംരക്ഷണ നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ്** |

| | | | |
|---|---|---|---|
| | | | **മുഖാന്തിരവും** കൈയേറ്റം ഒഴിപ്പിക്കുന്നതിനു അധികാരം സിദ്ധിച്ച വകുപ്പുകളുടെ അധീനതയിലുള്ള കൈയേറ്റം പ്രസ്തുത വകുപ്പ് മുഖേനയും നടത്തി സർക്കാർ ഭൂമി സംരക്ഷിച്ചു വരുന്നു . |
| (ബി) | റവന്യൂ വകുപ്പിന് കീഴിൽ ഒഴിഞ്ഞ് കിടക്കുന്നതോ ഉപയോഗശൂന്യമായതോ അനധികൃതമായി കയ്യേറിയതോ ആയ കെട്ടിടങ്ങൾ നിലവിലുണ്ടോ; | (ബി) | തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസറഗോഡ് എന്നീ ജില്ലകളിൽ ഒഴിഞ്ഞു കിടക്കുന്നതും ഉപയോഗശൂന്യമായതുമായ കെട്ടിടങ്ങൾ നിലവിലുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | എങ്കിൽ അവ ഉപയോഗയോഗ്യമാക്കി നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ സ്ഥാപനങ്ങൾ അവയിലേയ്ക്ക് പ്രവർത്തനം മാറ്റുന്നതിനും, കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും, ഉപയോഗശൂന്യമായവയിൽ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗക്ഷമമാക്കുന്നതിനും നിലവിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കുമോ? | (സി) | തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസറഗോഡ് എന്നീ ജില്ലകളിൽ ഒഴിഞ്ഞു കിടക്കുന്നതും ഉപയോഗശൂന്യമായതുമായ കെട്ടിടങ്ങൾ നിലവിലുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## തിരുവനന്തപുരം

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്ക് പരിധിയിൽപ്പെട്ട കോട്ടുകാൽ വില്ലേജിൽ വില്ലേജ് ഓഫീസിന്റെ പഴയ കെട്ടിടം ഒഴിഞ്ഞു കിടക്കകയാണ്. ടി കെട്ടിടം ഉപയോഗയോഗ്യമല്ലാത്തതിനാലാണ് ഇപ്രകാരം ഒഴിഞ്ഞു കിടക്കുന്നത്.

ജീർണ്ണാവസ്ഥയിലായതിനാൽ ടി കെട്ടിടം മറ്റ് ആവശ്യങ്ങൾക്ക് ഉപയുക്തമല്ല.

## പത്തനംതിട്ട

പത്തനംതിട്ട ജില്ലയിൽ പന്തളം വില്ലേജിൽ ബ്ലോക്ക് 3 ൽ റീസർവ്വെ നമ്പർ 50/23 ൽ 3.5 ആർ സ്ഥലത്തു പന്തളം വില്ലേജ് ഓഫീസിൽ മുൻപ് പ്രവർത്തിച്ചു വന്ന കെട്ടിടം ഉപയോഗശൂന്യമായി നിലവിലുണ്ട്.

പന്തളം കരിമ്പാല വില്ലേജ് പരിധിയിലെ സ്ഥലങ്ങൾ പ്രകൃതി ക്ഷോഭത്തിന്റെ ഭാഗമായി വെള്ളപ്പൊക്കം അനുഭവപ്പെടുന്ന മേഖല ആയതിനാൽ ടി കെട്ടിടം അടൂർ താലൂക്ക് പരിധിയിൽ ദുരന്ത നിവാരണത്തിന്റെ ക്യാമ്പ് ഓഫീസ് ആക്കുന്നതിന് അടൂർ തഹസിൽദാർ അപേക്ഷ നൽകിയിട്ടുളളതും ആയതു അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

## കോട്ടയം

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി വില്ലേജിൽ ബ്ലോക്ക് 11-ൽ റീസർവ്വെ 102/4 ൽപ്പെട്ടതും കാഞ്ഞിരപ്പിള്ളി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ താലൂക്കാഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം നിലവിൽ ഉപയോഗ യോഗ്യമല്ലാത്ത തരത്തിൽ ഒഴിഞ്ഞ് കിടപ്പുള്ളതാണ്.

എരുമേലി വടക്ക് വില്ലേജിൽ റീസർവ്വെ 132/7 ൽ 1.6 ആർ ഭൂമിയിൽ സ്ഥിതി ചെയ്തിരുന്ന എരുമേലി വടക്ക് വില്ലേജ് പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം നിലവിൽ ഒഴിഞ്ഞ് കിടപ്പുള്ളതാണ്.

കാഞ്ഞിരപ്പള്ളി താലൂക്കാഫീസ് പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം നിലവിൽ ഉപയോഗയോഗ്യമല്ലാത്ത തരത്തിൽ ഒഴിഞ്ഞു കിടപ്പുള്ളതാണ്. ടി കെട്ടിടം നിലനിൽക്കുന്ന സ്ഥലത്ത് റവന്യൂ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടുള്ളതാണ്.

## ഇടുക്കി

ദേവികുളം താലൂക്കിൽ മന്നാങ്കണ്ടം വില്ലേജിൽ 10-ാം മൈൽ എന്ന സ്ഥലത്ത് PHC യോട് ചേർന്ന് മുമ്പ് പട്ടയ നടപടികൾക്കായി പ്രവർത്തിച്ചുകൊണ്ടിരുന്നതും നിലവിൽ പ്രവർത്തനരഹിതമായിട്ടുള്ളതും ഉപയോഗശൂന്യവുമായ ഒരു റവന്യൂ കെട്ടിടം സ്ഥിതി ചെയ്യുന്നു.

ഇടുക്കി താലൂക്കിൽ ഉപ്പുതോട് വില്ലേജിൽ ഉപ്പുതോട് വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വന്നിരുന്ന പഴയ കെട്ടിം ഒഴിഞ്ഞു കിടക്കുന്നതാണ്.